**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 384** **02-07-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയാൻ അയൽസംസ്ഥാനങ്ങളുമായുള്ള ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണം തടയുന്നതിനായി കർണാടകം അടക്കമുള്ള അയൽസംസ്ഥാനങ്ങളുമായി ഏകോപനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അയൽസംസ്ഥാനങ്ങളുടെ വനാതിർത്തിയിൽ നിന്നും സംസ്ഥാനത്തേക്ക് കാട്ടാന തുടങ്ങിയ വന്യജീവികൾ ഇറങ്ങുന്ന അവസരത്തിൽ സംസ്ഥാന വനം വകുപ്പിനെ അറിയിക്കാനും ഏകോപനം നടത്താനുമുള്ള സംവിധാനം ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനാതിർത്തി കടന്നെത്തുന്ന, മനുഷ്യ-വന്യമൃഗ സംഘർഷത്തിനു കാരണമാകുന്ന, വന്യമൃഗ-ങ്ങളെ നിരീക്ഷിക്കുന്നതിനും പരസ്പരം സഹകരിച്ചും വിവരങ്ങൾ പങ്കുവച്ചും മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി ഒഴിവാക്കുന്നതിനായി അയൽ സംസ്ഥാനങ്ങളുമായി ചേർന്ന് അന്തർ-സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരി-ച്ചിട്ടുണ്ട്. വന്യജീവികളേയും അവയുടെ ആവാസവ്യവ-സ്ഥയേയും സംരക്ഷിക്കുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ലാന്റ്സ്കേപ്പ് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അന്തർ-സംസ്ഥാന സഹകരണം മൂലം കഴിയുന്നുണ്ട്. |
| (സി) | എങ്കിൽ വന്യജീവി ആക്രമണം തടയുന്നതിനായി കർണാടകം ഉൾപ്പെടെയുള്ള അയൽസംസ്ഥാനങ്ങളുമായി ഏകോപനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാന-ങ്ങൾ 10-03-2024 ൽ കർണ്ണാടകയിലെ ബന്ദിപ്പൂരിൽ വച്ച് ചേർന്ന അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ വനം-വന്യജീവി സംരക്ഷണത്തിനും, മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമാ-യി വിഭവ കൈമാറ്റം, സ്ട്രാറ്റജിക് ഇന്റലിജൻസ് പങ്കുവയ്ക്കൽ, കാര്യക്ഷമത വർദ്ധിപ്പിക്കലും പങ്കുവയ്ക്കലും എന്നീ മേഖലകളിൽ പരസ്പര സഹകരണത്തിന് ധാരണയായിട്ടുണ്ട്. ആന, കടുവ എന്നിവയുടെ ഡാറ്റാബേസ്, സ്ഥിരം വനകുറ്റവാളികളുടെ ഡാറ്റാബേസ് എന്നിവ പരസ്പരം പങ്കുവയ്ക്കുവാൻ ധാരണ ആയിട്ടുണ്ട്. നാഷണൽ ടൈഗർ കൺസർ-വേഷൻ അതോറിറ്റി (NTCA) യുടെ ആഭിമുഖ്യത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേ-ണ്ടിയുള്ള യോഗം 27-03-2024 നു തമിഴ്നാട്ടിലെ |

| | | | |
|---|---|---|---|
| | | | മുതുമലയിൽ വച്ചു ചേർന്നു.<br>അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ കേരള, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ കാട്ടാനകളുടെ കണക്കെടുപ്പ് 2024 മെയ് 23, 24, 25 തീയതികളിലായി സംഘടിപ്പിച്ചു. അതുപോലെ കഴുകന്മാരുടേയും വരയാടുകളുടേയും കണക്കെടുപ്പുകൾ തമിഴ്നാട് വനംവകുപ്പുമായി ചേർന്ന് ഒരേസമയം നടത്തി.<br>കാട്ടുതീ പ്രതിരോധം പോലുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ അതിർത്തി പ്രദേശങ്ങളിൽ ഫോറസ്റ്റ് റെയിഞ്ച് തലത്തിൽ ഏകോപിപ്പിക്കുന്നു. അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഫോറസ്റ്റ് റെയിഞ്ച് തലത്തിൽ ത്രൈമാസയോഗവും ഡിവിഷൻ തലത്തിൽ അർദ്ധവാർഷിക യോഗവും സംസ്ഥാനതലത്തിൽ വാർഷികയോഗവും ചേർന്നു സ്ഥിതിഗതികളും പുരോഗതിയും വിലയിരുത്താൻ ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ